# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4259

24.06.2019-ലെ മറുപടി

## കുറത്തിക്കാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിലെ കുറത്തിക്കാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, 500mm പമ്പിങ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ് -2 എണ്ണം ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ (പ്രായിക്കര പാലത്തിനു കുറുകെയുള്ള ലൈനും കല്ലുമല റെയിൽവേ ക്രോസിങ്ങും, 3 ഗ്യാപ്പുകളൊഴിച്ച് ബാക്കി പണികൾ) കുറത്തിക്കാട് O.H. ടാങ്ക് (വെർട്ടിക്കൽ പൈപ്പ് കണക്ഷൻ ഒഴികെയുള്ള) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>കിണർ, പമ്പ് ഹൗസ്, പമ്പിങ് മെയിൻ, ജല ശുദ്ധീകരണ ശാല എന്നിവ കമ്മീഷൻ ചെയ്ത് ഈ ഘടകങ്ങൾ പൊതുവായി വരുന്ന മറ്റൊരു പദ്ധതിയായ മാന്നാർ ചെന്നിത്തല കുടിവെള്ളപദ്ധതിക്ക് ജലവിതരണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കുള്ള റെയിൽവേയുടെ അനുമതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) & (സി) | പ്രസ്തുത പദ്ധതിക്കുവേണ്ടി മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നടപ്പാതയിലെ ഡക്റ്റിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി റെയിൽവേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് റെയിൽവേ നിരസിച്ചതിനാൽ കല്ലുമല റെയിൽവേ ഓവർ ബ്രിഡ്ജിനു സമാന്തരമായി പൈപ്പ് സ്ഥാപിക്കുന്നതിന് പാലം നിർമ്മിക്കുന്നതിനായിട്ടുള്ള ഡിസൈനും അനുബന്ധ രേഖകളും റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ റെയിൽവേയിൽ നിന്നും ഇതുവരെ അനുമതി ലഭ്യമായിട്ടില്ല. റെയിൽവേ ക്രോസിങ്ങിനുള്ള അനുമതി ലഭ്യമായതിനു ശേഷം റെയിൽവേ മേൽപ്പാലം നിർമ്മാണവും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റും പ്രോജക്റ്റ് റിപ്പോർട്ടും തയ്യാറാക്കി ഭരണാനുമതി നൽകേണ്ടതുണ്ട്. എസ്റ്റിമേറ്റ് അനുയോജ്യമായ ഫണ്ടിംഗ് ഏജൻസിയിൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്. |
| (സി) | പ്രസ്തുത കുടിവെള്ള പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ